പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3556 — 26.06.2012-ൽ മറുപടിയ്ക്ക്

## ബോർഡിന്റെ കമ്പനിവൽക്കരണവും ജീവനക്കാരും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. രാജു : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന വൈദ്യുതിബോർഡ് കമ്പനിയാക്കുവാനുള്ള നിർദ്ദേശം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ 1956 ലെ ഇൻഡ്യൻ കമ്പനി നിയമത്തിൻ കീഴിൽ പൊതു മേഖലയിലുള്ള ഒരു കമ്പനിയായി പുന:സംഘടിപ്പിക്കുന്നതിന് 25-08-2008ലെ (എം.എസ്) 29/08/പി.ഡി നമ്പർ ഉത്തരവിലൂടെ സർക്കാർ തീരുമാനമെടുക്കുകയുണ്ടായി. തുടർന്ന് 25-09-2008-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 37/2008/ഊ.വ പ്രകാരം കെ. എസ്. ഇ. ബിയുടെ ആസ്തി ബാദ്ധ്യതകൾ സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് കേരള ഇലക്ട്രിസിറ്റി ഫസ്റ്റ് ട്രാൻസ്ഫർ സ്കീം, 2008 പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട ആസ്തി ബാദ്ധ്യതകൾ പുതിയ കമ്പനിയിലേക്ക് പുനർനിക്ഷിപ്തമാക്കുന്നതു വരെ, വൈദ്യുതി ബോർഡിൻെറ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് 26-09-2008-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 38/08/ഊ.വ പ്രകാരം ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആസ്തി ബാദ്ധ്യതകൾ ഇൻഡ്യൻ കമ്പനി നിയമത്തിനു കീഴിൽ രൂപീകരിക്കുന്ന കമ്പനിയിലേക്ക് 30-09-2009 നു മുമ്പ് പുനർനിക്ഷിപ്തമാക്കണമെന്നാണ് ഫസ്റ്റ് ട്രാൻസ്ഫർ സ്കീമിൻെറ ഖണ്ഡിക 6(1) അനുശാസിച്ചിരുന്നത്. ഇതിനായുള്ള നടപടിയുടെ ഭാഗമായി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനി 14-01-2011ന് രജിസ്റ്റർ ചെയ്തു. സംസ്ഥാന വൈദ്യുതി ബോർഡിൻെറ ആസ്തി-ബാദ്ധ്യതകളെയും ജീവനക്കാരെയും പുതിയ കമ്പനിയിലേക്ക് പുനർനിക്ഷിപ്തമാക്കുന്നതിനുള്ള |

നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) ബോർഡിനെ കമ്പനിയാക്കുമ്പോൾ ജീവനക്കാരുടെ തൊഴിൽ വേതനം, പെൻഷൻ എന്നിവ സംബന്ധിച്ച് എന്ത് തരത്തിലുള്ള ഗ്യാരണ്ടിയാണ് നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി) 2008 ൽ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി ഫസ്റ്റ് ട്രാൻസ്ഫർ സ്കീമിൽ മുൻ വൈദ്യുതി ബോർഡിന്റെ ആസ്തി ബാദ്ധ്യതകളേയും ജീവനക്കാരെയും പുതിയ കമ്പനിയിലേക്ക് പുനർനിക്ഷിപ്തമാക്കുമ്പോൾ ജീവനക്കാരുടെ തൊഴിൽ, വേതനം, പെൻഷൻ തുടങ്ങിയവ സംരക്ഷിക്കുന്നത് സംബന്ധിച്ച പൊതുവായ വ്യവസ്ഥകൾ നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇവയ്ക്ക് അനുസൃതമായ വ്യവസ്ഥകളോടെ ജീവനക്കാരുടെയും , പെൻഷൻകാരുടെയും നിലവിലുള്ള ആനുകൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് അവർക്ക് ദോഷം വരാത്ത രീതിയിൽ കേരള ഇലക്ട്രിസിറ്റി സെക്കൻഡ് ട്രാൻസ്ഫർ സ്കീം (റീ-വെസ്റ്റിംഗ്), 2012-ന് രൂപം നൽകുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**സെക്ഷൻ ഓഫീസർ.**